"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2019-20 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ കുട്ടനാട് പ്രദേശത്തെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അനുവദിച്ചിരുന്ന കാലപരിധി ആറുമാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.757/2023/AGRI    തീയതി,തിരുവനന്തപുരം, 02-08-2023

---

പരാമർശം:-

1. സ.ഉ.(സാധാ)195/2020/കൃഷി, തീയതി 12.02.2020.
2. സ.ഉ.(സാധാ)220/2020/കൃഷി, തീയതി 18.02.2020.
3. കൃഷി ഡയറക്ടറുടെ 25.06.2023 തീയതിയിലെ എഡിഎഫ്ഡബ്ല്യു/5842/2023 റ്റിപി (2) നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ പുറക്കാട് കാരി പ്രദേശത്തെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് 347.4 ലക്ഷം രൂപ അനുവദിച്ച് പരാമർശം (1) പ്രകാരവും നാലുചിറ വടക്ക് പാടശേഖരം, കരുവാറ്റ മാന്തറ മീനച്ചൽ പാടശേഖരം എന്നിവയുടെ അടിസ്ഥാന വികസനത്തിനും ഏഴകരി വെസ്റ്റ് പാടശേഖരത്തിലെ വെള്ളപ്പൊക്ക നാശനഷ്ടങ്ങൾക്കുമായി 839.64 ലക്ഷം രൂപ അനുവദിച്ച് പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് കാലാവധി മൂന്നു വർഷമായതിനാൽ പദ്ധതി 2023 ഫെബ്രുവരിയിൽ അവസാനിച്ചിരുന്നു.

2. എന്നാൽ പ്രസ്തുത പദ്ധതികളിൽ നിലവിൽ 210 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കുള്ള തുക അനുവദിക്കാനുണ്ട് എന്നും മറ്റ് പല പദ്ധതികളും പൂർത്തിയാക്കാനുണ്ട് എന്നും ആയതിലേക്കായി ഭരണാനുമതിയുടെ കാലാവധി ദീർഘിപ്പിക്കണമെന്നും കെ.എൽ.ഡി.സി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശ ഉത്തരവുകളുടെ കാലാവധി ആറു മാസത്തേക്കു കൂടി ദീർഘിപ്പിക്കണമെന്ന് പരാമർശം (3) പ്രകാരം കൃഷി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ പുറക്കാട് മേഖലയിലെ കാരി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പണി പൂർത്തിയാക്കിയ കേസുകളിൽ തുക അനുവദിക്കേണ്ടതുള്ളതിനാൽ പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം നൽകിയ ഭരണാനുമതിയുടെ കാലാവധി ആറു മാസത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്,
തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
ചീഫ് (കൃഷി), സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (27.07.2023 തീയതിയിലെ 2489658 നമ്പർ കുറിപ്പ്/വിവര പൊതുജന സമ്പർക്ക
വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്